**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1760** **29-07-2021 - ൽ മറുപടിയ്ക്ക്**

**കിഫ്ബി നടപ്പിലാക്കുന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കിഫ്ബി മുഖാന്തിരമുള്ള പ്രവൃത്തികൾ ദ്രുതഗതിയിൽ നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (എ) | കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗം, അഡ്മിനിസ്ട്രേറ്റീവ് ഇൻസ്പെക്ഷൻ വിഭാഗം, പദ്ധതി അവലോകന വിഭാഗം എന്നിവയുടെ മേൽനോട്ടത്തിൽ പദ്ധതി നടത്തിപ്പുകളുടെ അവലോകന യോഗങ്ങൾ നിരന്തരമായി നടത്തിവരുന്നു. ഇതുവഴി പദ്ധതികൾക്ക് കിഫ്ബി അനുശാസിക്കുന്ന മാനദണ്ഡങ്ങളും, ഗുണനിലവാരവും സമയക്രമവും ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. ഇതിനു പുറമെ, നൂതന സാങ്കേതിക വിദ്യകളുടെ സഹായത്തോടു കൂടി സാങ്കേതിക പരിശോധനാ വിഭാഗം കണിശമായ രീതിയിൽ പദ്ധതികളുടെ പരിശോധന നടത്തി വരുകയും ചെയ്യുന്നു. ഇത്തരത്തിൽ വിവിധ വിഭാഗങ്ങളുടെ ക്രിയാത്മകമായ രീതിയിലുള്ള പ്രവർത്തനങ്ങളിലൂടെ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പ് സമയബന്ധിതമായി പൂർത്തിയാക്കുക എന്ന ലക്ഷ്യത്തോടെയാണ് കിഫ്ബി മുന്നോട്ടു പോകുന്നത്. പദ്ധതി നിർവഹണ ഏജൻസികൾക്ക് ആവശ്യമായ പരിശീലന പരിപാടികൾ, സാങ്കേതിക ഉപദേശങ്ങൾ എന്നിവ കിഫ്ബി വഴി നേരിട്ട് നടപ്പിലാക്കുന്നത് കൂടാതെ, കിഫ്ബിയുടെ സാങ്കേതിക പരിശോധനാ വിഭാഗത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ റിസോഴ്സ് സെന്റർ മുഖേന പദ്ധതി നിർവഹണ ഏജൻസികൾക്ക് സാങ്കേതിക സഹായം നൽകിവരുന്നുണ്ട്. ഇതിനു പുറമെ പദ്ധതി നിർവഹണ ഏജൻസികളുടെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും, കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി കിഫ്ബിയുടെ നേതൃത്വത്തിൽ ടെക്നിക്കൽ സപ്പോർട്ട് യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു. കൂടുതൽ പദ്ധതികൾ നിർവ്വഹണഘട്ടത്തിലേക്ക് കടന്നതോടെ പദ്ധതികളുടെ ത്വരിതഗതിയിലുള്ള നടത്തിപ്പിനും സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമായി |

| | | | |
|---|---|---|---|
| | | | പദ്ധതി അവലോകന വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തേണ്ടതുണ്ടെന്ന ബോധ്യത്തിൽ കൂടുതൽ മാനവ വിഭവ ശേഷി ഉപയോഗിക്കുവാൻ തീരുമാനിക്കുകയും അത്തരത്തിൽ ശാസ്ത്രീയമായി മാനവവിഭവ ശേഷി വിനിയോഗിച്ചു കൊണ്ടും സാങ്കേതികവിദ്യയുടെ സഹായത്തോടെയും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ